



■ എ.വൈ.ആർ

സൂറ-17

# അൽ ഇസ്റാഅ്

قُلْ كَفَىٰ بِٱللَّهِ شَهِيدًۢا بَيْنِى وَبَيْنَكُمْ ۚ إِنَّهُۥ كَانَ
بِعِبَادِهِۦ خَبِيرًۢا بَصِيرًا ﴿٩٦﴾

96. ഇനിയും തർക്കിക്കുന്നുവെങ്കിൽ പ്രവാചകൻ അവരോടു പറഞ്ഞുകൊള്ളുക: എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായിട്ട് അല്ലാഹു മതി. തന്റെ അടിമകളെ അവൻ സൂക്ഷ്മമായി അറിയുകയും എല്ലാം കാണുകയും ചെയ്യുന്നുണ്ടല്ലോ.

وَمَن يَهْدِ ٱللَّهُ فَهُوَ ٱلْمُهْتَدِ ۖ وَمَن يُضْلِلْ فَلَن
تَجِدَ لَهُمْ أَوْلِيَآءَ مِن دُونِهِۦ ۖ وَنَحْشُرُهُمْ يَوْمَ
ٱلْقِيَٰمَةِ عَلَىٰ وُجُوهِهِمْ عُمْيًا وَبُكْمًا وَصُمًّا ۖ مَّأْوَىٰهُمْ جَهَنَّمُ ۖ كُلَّمَا
خَبَتْ زِدْنَٰهُمْ سَعِيرًا ﴿٩٧﴾

97. അല്ലാഹു വഴി കാട്ടിയവനത്രെ സന്മാർഗസ്ഥൻ. അവൻ വഴി കെടുത്തുന്നവരോ, അവർക്ക് അവനെ കൂടാതെ വല്ല രക്ഷകരുമുള്ളതായി ഒരിക്കലും നീ കാണുകയില്ല. ഉയിർത്തെഴുന്നേൽപുനാളിൽ അവരെ അന്ധരും ബധിരരും മൂകരുമായി മുഖം കുത്തിക്കൊണ്ട് നാം ഒരുമിച്ചു കൂട്ടുന്നു. നരകമത്രെ അവരുടെ പാർപ്പിടം. അത് അണയുമ്പോഴൊക്കെ നാം ആളിക്കത്തിച്ചു കൊണ്ടിരിക്കും.

ذَٰلِكَ جَزَآؤُهُم بِأَنَّهُمْ كَفَرُوا۟ بِـَٔايَٰتِنَا وَقَالُوٓا۟ أَءِذَا كُنَّا عِظَٰمًا
وَرُفَٰتًا أَءِنَّا لَمَبْعُوثُونَ خَلْقًا جَدِيدًا ﴿٩٨﴾

98. അതാണവർക്കുള്ള പ്രതിഫലം; നമ്മുടെ സൂക്തങ്ങൾ നിഷേധിച്ചതിനും, ഞങ്ങൾ അസ്ഥികളും മണ്ണുമായിപ്പരിണമിച്ചാൽ പിന്നെയും പുതുസൃഷ്ടിയായി ഉയിർപ്പിക്കപ്പെടുകയോ എന്നു തർക്കിച്ചതിനും.

۞ أَوَلَمْ يَرَوْا۟ أَنَّ ٱللَّهَ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ
قَادِرٌ عَلَىٰٓ أَن يَخْلُقَ مِثْلَهُمْ وَجَعَلَ لَهُمْ أَجَلًا لَّا
رَيْبَ فِيهِ فَأَبَى ٱلظَّٰلِمُونَ إِلَّا كُفُورًا ﴿٩٩﴾

99. വാനലോകവും ഭൂലോകവും സൃഷ്ടിച്ചിട്ടുള്ള അല്ലാഹുവിന്ന് അവരെപ്പോലുള്ളവരെയും സൃഷ്ടിക്കാൻ കഴിവുള്ളവനെന്ന് ഇക്കൂട്ടർ മനസ്സിലാക്കുന്നില്ലയോ? അവർ ഉയിർത്തെഴുന്നേൽക്കാൻ അവൻ ഒരു സമയം നിർണയിച്ചുവെച്ചിരിക്കുന്നു. അതു സംഭവിക്കുമെന്നതിൽ ഒട്ടും സംശയിക്കേണ്ടതില്ല. പക്ഷേ ഈ അതിക്രമകാരികൾ അതു നിഷേധിക്കാൻ തന്നെ ശഠിക്കുകയാകുന്നു.

قُل لَّوْ أَنتُمْ تَمْلِكُونَ خَزَآئِنَ رَحْمَةِ رَبِّىٓ إِذًا لَّأَمْسَكْتُمْ خَشْيَةَ ٱلْإِنفَاقِ ۚ
وَكَانَ ٱلْإِنسَٰنُ قَتُورًا ﴿١٠٠﴾

100. പ്രവാചകൻ അവരോടു പറയുക: എന്റെ നാഥന്റെ അനുഗ്രഹ ഖജനാവുകൾ നിങ്ങളുടെ അധികാരത്തിലെങ്ങാനുമാവുകയാണെങ്കിൽ! എങ്കിൽ ചെലവായിത്തീരുമെന്ന് ഭയന്ന് നിങ്ങളതത്രയും പിടിച്ചുവച്ചതു തന്നെ. മനുഷ്യൻ മഹാ ലോഭിതനാകുന്നു.

അല്ലാഹു മതിയായിരിക്കുന്നു = كَفَىٰ بِٱللَّهِ (ഇനിയും തർക്കിക്കുന്നുവെങ്കിൽ പ്രവാചകൻ) നീ പറയുക = قُلْ

എനിക്കും നിങ്ങൾക്കുമിടയിൽ = بَيْنِى وَبَيْنَكُمْ സാക്ഷിയായിട്ട് = شَهِيدًۢا

സൂക്ഷ്മമായി അറിയു(കയും)ന്നവൻ = خَبِيرًۢا അവന്റെ ദാസന്മാരെക്കുറിച്ച് ആയിരിക്കുന്നു = إِنَّهُۥ كَانَ بِعِبَادِهِۦ

അല്ലാഹു വഴി കാണിക്കുന്നവൻ = وَمَن يَهْدِ ٱللَّهُ എല്ലാം കാണു(കയും ചെയ്യുന്നുണ്ടല്ലോ)ന്നവനായ = بَصِيرًا

അവൻ വഴി കെടുത്തുന്നവൻ = وَمَن يُضْلِلْ സന്മാർഗസ്ഥൻ = ٱلْمُهْتَدِ അവനത്രെ = فَهُوَ

(നല്ല) രക്ഷകർ, മിത്രങ്ങൾ (ഉള്ളതായി) = أَوْلِيَآءَ അവർക്ക് നീ ഒരിക്കലും കാണുന്നതല്ല = فَلَن تَجِدَ لَهُمْ

നാം അവരെ (വലിച്ചിഴച്ച്) ഒരുമിച്ചുകൂട്ടുന്നു = وَنَحْشُرُهُمْ അവനെ കൂടാതെ = مِن دُونِهِۦ

അവരുടെ മുഖങ്ങളിന്മേൽ (മുഖം കുത്തി) = عَلَىٰ وُجُوهِهِمْ ഉയിർത്തെഴുന്നേൽപുനാളിൽ = يَوْمَ ٱلْقِيَٰمَةِ

ബധിരരായിക്കൊണ്ടും = وَصُمًّا മൂക(രും)രായിക്കൊണ്ടും = وَبُكْمًا അന്ധ(രും)രായിക്കൊണ്ട് = عُمْيًا

അത് അണയുമ്പോഴൊക്കെ = كُلَّمَا خَبَتْ നരകമാകുന്നു = جَهَنَّمُ അവരുടെ പാർപ്പിടം = مَّأْوَىٰهُمْ

ജ്വലനം, (ആളിക്കത്തിക്കുന്നു) = سَعِيرًا നാം അവർക്ക് വർദ്ധിപ്പിക്കുന്നു = زِدْنَٰهُمْ

അവർ നിഷേധിച്ചതു(തിന്)കൊണ്ട് = بِأَنَّهُمْ كَفَرُوا۟ അതത്രെ അവർക്കുള്ള പ്രതിഫലം = ذَٰلِكَ جَزَآؤُهُم

അവർ പറഞ്ഞു(തർക്കിച്ചതിനും) = وَقَالُوٓا۟ നമ്മുടെ സൂക്തങ്ങളെ = بِـَٔايَٰتِنَا

മണ്ണും നുരുമ്പിച്ച പൊടിയും = وَرُفَٰتًا അസ്ഥികൾ = عِظَٰمًا ഞങ്ങൾ ആയാൽ (പരിണമിച്ചാൽ) = أَءِذَا كُنَّا

(പിന്നെയും) ഞങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുകയോ (എന്ന്) = أَءِنَّا لَمَبْعُوثُونَ

അവർ കണ്ടിട്ടില്ലേ (മനസ്സിലാകുന്നല്ലയോ) = أَوَلَمْ يَرَوْا۟ പുതിയ സൃഷ്ടിയായിട്ട് = خَلْقًا جَدِيدًا

വാനലോകവും ഭൂലോകവും സൃഷ്ടിച്ചവനായ = ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ തീർച്ചയായും അല്ലാഹു = أَنَّ ٱللَّهَ

അവരെ(തങ്ങളെ)പ്പോലുള്ളവരെ = مِثْلَهُمْ സൃഷ്ടിക്കുവാൻ = عَلَىٰٓ أَن يَخْلُقَ കഴിവുള്ളവനെന്ന് = قَادِرٌ

(ഉയിർത്തെഴുന്നേൽക്കാൻ) അവൻ അവർക്കു നിശ്ചയിച്ചു വെച്ചിരിക്കുന്നു = وَجَعَلَ لَهُمْ

അതിൽ (അത് സംഭവിക്കുമെന്നതിൽ) = فِيهِ ഒട്ടും സംശയമി(യിക്കേണ്ടതി)ല്ല = لَّا رَيْبَ ഒരു അവധി(സമയം) = أَجَلًا

ഈ അതിക്രമകാരികൾ = ٱلظَّٰلِمُونَ വിസമ്മതിച്ചു(ശഠിക്കുകയാകുന്നു) = فَأَبَى

നീ (പ്രവാചകൻ അവരോടു) പറയുക = قُل കൊടിയ നിഷേധത്തെയല്ലാതെ (അതിനെ നിഷേധിക്കാൻതന്നെ) = إِلَّا كُفُورًا

ഉടമപ്പെടുത്തുന്നുവെ(അധികാരത്തിലാവുകയാണെ)ങ്കിൽ = تَمْلِكُونَ നിങ്ങൾ(ളുടെ) ആണെങ്കിൽ = لَّوْ أَنتُمْ

എങ്കിൽ അപ്പോൾ = إِذًا എന്റെ നാഥന്റെ അനുഗ്രഹ ഖജനാവുകൾ = خَزَآئِنَ رَحْمَةِ رَبِّىٓ

ചെലവഴിക്കൽ(ലവായിത്തീരുന്നത്) ഭയന്ന് = خَشْيَةَ ٱلْإِنفَاقِ നിങ്ങൾ പിടിച്ചുവച്ചതു തന്നെ = لَّأَمْسَكْتُمْ

മഹാ ലോഭിതൻ, പിശുക്കൻ = قَتُورًا മനുഷ്യൻ ആയി(രുന്നു)രിക്കുന്നു = وَكَانَ ٱلْإِنسَٰنُ

**96.** സത്യം അറിയാനും അംഗീകരിക്കാനും താൽപര്യമുള്ളവർക്ക് അതിനുവേണ്ട തെളിവുകളും ന്യായങ്ങളുമാണ് മുൻസൂക്തങ്ങളിൽ വിവരിച്ചത്. ഇതോടെ അവിശ്വാസികളോടുള്ള ന്യായം പൂർത്തീകരിച്ചു കഴിഞ്ഞിരിക്കുന്നു. അതൊന്നും ഉൾക്കൊള്ളാൻ കൂട്ടാക്കാതെ സ്വന്തം അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ശഠിച്ചു നിൽക്കുന്നവരുടെ കാര്യം ഇനി അവരുടെ കരങ്ങളിൽ തന്നെയാണെന്നറിയിക്കാൻ പ്രവാചകനോട് നിർദേശിക്കുകയാണ് അല്ലാഹു. ഞാൻ സാധ്യമായ എല്ലാ രൂപത്തിലും നിങ്ങളെ സത്യ-ധർമങ്ങൾ ബോധിപ്പിച്ചിരിക്കുന്നുവെന്നതിന് അല്ലാഹു മതിയായ സാക്ഷിയാകുന്നു. തെളിവുകളുടെയും ന്യായങ്ങളുടെയും അഭാവമാണോ അതല്ല അഹന്തയും ധിക്കാരവുമാണോ നിങ്ങളെ സത്യവിശ്വാസത്തിൽനിന്ന് തടഞ്ഞതെന്ന് അവന്ന് നന്നായറിയാം. സ്വന്തം സൃഷ്ടികളുടെ ഉള്ളും പുറവുമൊന്നും അവന്റെ ജ്ഞാനത്തിനതീതമാകുന്നില്ല. ഞാൻ എന്റെ ദൗത്യം സത്യസന്ധമായും സുവ്യക്തമായും നിർവഹിക്കാതിരുന്നതാണോ അതല്ല നിങ്ങൾ എല്ലാം കണ്ടും കേട്ടും ഗ്രഹിച്ചുകൊണ്ടു തന്നെ ഈ സത്യസന്ദേശത്തിനു നേരെ അന്ധരും ബധിരരും മൂകരുമായി വർത്തിച്ചതാണോ എന്ന് അവൻ വിധിപറയട്ടെ.

**97, 98.** മനുഷ്യര്‍ സന്മാര്‍ഗസ്ഥരാകുന്നതിനും മാര്‍ഗഭ്രഷ്ടരാകുന്നതിനും അല്ലാഹു ചില നിയമങ്ങളും വ്യവസ്ഥകളും നിശ്ചയിച്ചിട്ടുണ്ട്. മാര്‍ഗദര്‍ശനത്തിന്റെ നിയമങ്ങളും വ്യവസ്ഥകളും പ്രയോജനപ്പെടുത്തുന്നവര്‍ സന്മാര്‍ഗം പ്രാപിക്കുന്നു. അവരാണ് അല്ലാഹു വഴി കാണിച്ചു കൊടുക്കുന്നവര്‍. സന്മാര്‍ഗ ലബ്ധിക്കുള്ള നിയമങ്ങളും ഉപാധികളും അവഗണിച്ചു മുന്നോട്ടു പോകുന്നവര്‍ വഴിപിഴക്കുക തന്നെ ചെയ്യും. അവരാണ് അല്ലാഹു വഴിപിഴപ്പിക്കുന്നവര്‍. സന്മാര്‍ഗലബ്ധിക്ക് മുഖ്യമായും രണ്ടു സംവിധാനമാണ് ഏര്‍പ്പെടുത്തിയിട്ടുള്ളത്. കണ്ണ്, കാത് തുടങ്ങിയ ജ്ഞാനേന്ദ്രിയങ്ങളും ബുദ്ധിയും വിചാര ശേഷിയുമാണ് ഒരു സംവിധാനം. പ്രവാചക നിയോഗവും വേദാവതരണവുമാണ് രണ്ടാമത്തേത്. ജ്ഞാനേന്ദ്രിയങ്ങളും ബുദ്ധിശക്തിയും ശരിയാംവണ്ണം ഉപയോഗിക്കുന്നവര്‍ പ്രവാചകന്മാരെയും വേദങ്ങളെയും കണ്ടെത്തുകയും സന്മാര്‍ഗം പ്രാപിക്കുകയും ചെയ്യുന്നു. ജ്ഞാനേന്ദ്രിയങ്ങളും ബുദ്ധിയും ഭൗതികസുഖത്തിനു മാത്രം ഉപയോഗിക്കുകയും അതിനപ്പുറം പ്രപഞ്ചത്തില്‍ പരന്നു കിടക്കുന്ന ദൈവിക ദൃഷ്ടാന്തങ്ങള്‍ക്കും പ്രവാചകന്മാര്‍ പ്രബോധനം ചെയ്ത സന്ദേശങ്ങള്‍ക്കും വേദ പ്രമാണങ്ങള്‍ക്കും നേരെ അന്ധരും ബധിരരും മൂകരുമായി വര്‍ത്തിക്കുകയും ചെയ്തവര്‍ മാര്‍ഗഭ്രംശത്തിലകപ്പെടുക എന്നതും ദൈവിക നിയമമാകുന്നു. അല്ലാഹു നിശ്ചയിച്ച ഉപാധികളവലംബിക്കാന്‍ തയാറാവുകയല്ലാതെ അതില്‍ നിന്നു മോചനം നേടാന്‍ ഒരു വഴിയുമില്ല. അല്ലാഹുവല്ലാതെ അവരെ രക്ഷിക്കാന്‍ കഴിയുന്നവരുമില്ല ആരും. അല്ലാഹു അനുഗ്രഹിച്ചരുളിയ ജ്ഞാനേന്ദ്രിയങ്ങള്‍ ദൈവിക ദൃഷ്ടാന്തങ്ങള്‍ കാണാനോ പ്രവാചക സന്ദേശം കേള്‍ക്കാനോ സത്യത്തിന് സാക്ഷ്യം പറയാനോ ഉപയോഗിക്കാന്‍ കൂട്ടാക്കാതെ ജീവിതത്തില്‍ വഴിതെറ്റിപ്പോയവര്‍, ദൈവാനുഗ്രഹങ്ങളെ നിന്ദിച്ചതിന്റെ ഫലമായി പരലോകത്ത് യാതൊന്നും കാണാനും കേള്‍ക്കാനും മിണ്ടാനും കഴിയാത്ത വിധം മുഖംകുത്തി വലിച്ചിഴച്ച് നരകാഗ്നിയിലെറിയപ്പെടും. نَحْشُرُهُمْ يَوْمَ ٱلْقِيَـٰمَةِ عَلَىٰ وُجُوهِهِمْ എന്നാണ് മൂലവാക്യം. പലേടത്തു നിന്നായെത്തി ഒന്നിച്ചുകൂടുക എന്നര്‍ഥമുള്ള حشر ല്‍ നിന്നുള്ള ക്രിയയാണ് نحشر. വിളിച്ചുചേര്‍ക്കുക, വലിച്ചുകൂട്ടുക എന്നും حشر ന് അര്‍ഥമുണ്ട്. ഭൂമിയിലാകമാനം ചിതറിക്കിടക്കുന്ന ശ്മശാനങ്ങളില്‍നിന്ന് ആളുകളെ വിളിച്ചുകൂട്ടുന്ന ദിവസം എന്ന അടിസ്ഥാനത്തില്‍ ഉയിര്‍ത്തെഴുന്നേല്‍പുനാളിന്ന് يوم الحشر എന്നു പറയും. محشرة വിചാരണാ സഭയാണ്. نحشرهم على وجوههم-മുഖത്തിന്മേല്‍ നാം അവരെ ഒരുമിച്ചുകൂട്ടുക എന്നതിന് രണ്ടര്‍ഥമാവാം. ഒന്ന്, അല്ലാഹുവിന്റെ മുമ്പില്‍ അവര്‍ സമ്മേളിക്കുന്നത് മുഖം കുത്തിനില്‍ക്കുന്നവരായിട്ടായിരിക്കും. രണ്ട്, മുഖം കുത്തി വലിച്ചിഴക്കപ്പെട്ടവരായിട്ടായിരിക്കും അവരെ സമ്മേളിപ്പിക്കുക. ഈ അര്‍ഥമാണ് കൂടുതല്‍ സ്വീകാര്യമായിട്ടുള്ളത്. 54:48 ല്‍ يَوْمَ يُسْحَبُونَ فِى ٱلنَّارِ عَلَىٰ وُجُوهِهِمْ -അവര്‍ മുഖം കുത്തി നരകത്തിലേക്ക് വലിച്ചിഴക്കപ്പെടുന്ന നാള്‍-എന്നു പറയുന്നുണ്ട്. അല്ലാഹു കണ്ണുകള്‍ കൊണ്ടും കാതുകള്‍ കൊണ്ടും അധരങ്ങള്‍ കൊണ്ടും അലംകൃതമാക്കിയ മുഖങ്ങള്‍ സത്യ-ധര്‍മങ്ങള്‍ തിരിച്ചറിയാനും അനുസരിക്കാനും, ആ അനുഗ്രഹങ്ങള്‍ പ്രയോജനപ്പെടുത്താതിരുന്നതിനാല്‍ ഒരിക്കലും അണയാതെ ആളിക്കത്തുന്ന നരകാഗ്നിക്കര്‍ഹമാകുന്നു. അല്ലാഹുവിന്റെ അതിരറ്റ കഴിവിന്റെയും മരണാനന്തര ജീവിതത്തിന്റെയും ദൃഷ്ടാന്തങ്ങള്‍ അടിക്കടി കണ്ടുകൊണ്ടിരുന്നിട്ടും ഉയിര്‍ത്തെഴുന്നേല്‍പിനെ നിഷേധിക്കുന്നതില്‍ ഉറച്ചുനില്‍ക്കുകയും 'ഞങ്ങള്‍ നുരുമ്പിയ അസ്ഥികളും മണ്ണുമായി ചിതറിപ്പോയ ശേഷം വീണ്ടും ഒരു പുതിയ സൃഷ്ടിയായി ഉയിര്‍പ്പിക്കപ്പെടുമെന്നോ?' എന്ന് വലിയ വായാല്‍ ചോദിച്ചുകൊണ്ടിരുന്നതിന്റെയും ഫലമാണത്. അതു തികച്ചും അസാധ്യവും അസംഭവ്യവുമാണെന്നായിരുന്നുവല്ലോ അവരുടെ വിചാരം. പരലോകത്ത് അല്ലാഹു ആ അസംഭവ്യതയെ, സംഭവയാഥാര്‍ഥ്യമാക്കിക്കാണിക്കുകയും അവരെ അതിന്റെ രുചിയനുഭവിപ്പിക്കുകയും ചെയ്യും.

**99.** മരണാനന്തര ജീവിത നിഷേധത്തിന്റെ യുക്തിശൂന്യത ചൂണ്ടിക്കാണിക്കുകയാണിവിടെ. മരണാനന്തരം ഉയിര്‍ത്തെഴുന്നേല്‍പിക്കപ്പെടുന്നതിനെ അവിശ്വാസികള്‍ ഇത്രത്തോളം അസംഭവ്യമായി കരുതുന്നത് വിചാരശൂന്യത കൊണ്ടാണ്. ഈ ഭൂമിയും ആകാശ ലോകവും മനുഷ്യരെക്കാള്‍ എത്രയോ വലിയ സൃഷ്ടികളല്ലേ? അതിന്റെയൊക്കെ പരിധിയും പരിമാണവും കണക്കാക്കാന്‍ പോലും മനുഷ്യര്‍ക്കാവുന്നില്ല. അപാരമായ ഈ പ്രപഞ്ചം സൃഷ്ടിച്ചു പരിപാലിക്കുന്നവന്‍ മനുഷ്യരെപ്പോലുള്ളവരെ സൃഷ്ടിക്കാനും അവനെ മരിപ്പിച്ച ശേഷം പുനഃസൃഷ്ടിക്കാനും കഴിവുള്ളവനായിരിക്കുമെന്ന് ആലോചിക്കാത്തതെന്തുകൊണ്ടാണ്? أَن يَخْلُقَ مِثْلَهُم -അവരെപ്പോലുള്ളവരെ സൃഷ്ടിക്കാന്‍-എന്നാണ് മൂല വാക്യം. അവരെപ്പോലുള്ള മറ്റു മനുഷ്യരെ സൃഷ്ടിക്കാന്‍ എന്നല്ല, അവര്‍ക്ക് ഇപ്പോഴുള്ള ശരീരത്തിനു തുല്യമായ ശരീരം സൃഷ്ടിക്കാന്‍ എന്നാണ് ഉദ്ദേശ്യം. അസാധ്യമാവുകയാണെങ്കില്‍ കൂടുതല്‍ അസാധ്യമാകേണ്ടത് ആദ്യ സൃഷ്ടിയാണ്. ഇല്ലാത്ത ഒരു വസ്തു ഒരിക്കല്‍ സൃഷ്ടിക്കപ്പെടുന്നതോടെ അതിന്റെ സൃഷ്ടി സാധ്യമാണെന്നു വരുന്നതോടൊപ്പം അതിനു മൂര്‍ത്തമായ മാതൃക തെളിയുകയും ചെയ്യുന്നു. പിന്നെ അതുപോലുള്ളതിന്റെ സൃഷ്ടി കൂടുതല്‍ സാധ്യവും അനായാസവുമാകുന്നു. അതിനാല്‍ സ്വയം സൃഷ്ടിയാണെന്ന് സമ്മതിക്കുന്ന മനുഷ്യന്‍ താന്‍ പുനഃസൃഷ്ടിക്കപ്പെടുക അസാധ്യമാണെന്ന് വിചാരിക്കുന്നത് തികച്ചും യുക്തിവിരുദ്ധമാണ്.

പുനഃസൃഷ്ടി സാധ്യതയെ സാക്ഷ്യപ്പെടുത്തുന്ന എത്രയോ ദൃഷ്ടാന്തങ്ങള്‍ ഈ ലോകത്തുണ്ട്. കാലം ചെല്ലുംതോറും പുതിയ പുതിയ ദൃഷ്ടാന്തങ്ങള്‍ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. മാതാവിന്റെയും പിതാവിന്റെയും ബീജ സങ്കലനത്തില്‍നിന്ന്, ആ മാതാപിതാക്കളുടെ ശരീരപ്രകൃതിയും സ്വഭാവ ഗുണങ്ങളും വലിയൊരളവോളം അനന്തരമെടുത്ത പുത്രന്മാര്‍ ജനിക്കുന്നു. തലമുറകളിലൂടെ ഈ സ്വഭാവ പ്രകൃതികള്‍ പുനഃസൃഷ്ടിക്കപ്പെട്ടു കൊണ്ടേയിരിക്കുന്നു. നശിച്ചുപോയ ചെടികളുടെ വിത്തുകളില്‍നിന്ന് അതുപോലുള്ള ചെടികള്‍ മുളച്ചുവളരുന്നു. ഇതേപ്പറ്റി 30:19 ല്‍ അല്ലാഹു പ്രസ്താവിച്ചു:

يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَيُخْرِجُ ٱلْمَيِّتَ مِنَ ٱلْحَىِّ وَيُحْىِ ٱلْأَرْضَ بَعْدَ مَوْتِهَا ۚ وَكَذَٰلِكَ تُخْرَجُونَ

(അവൻ നിർജീവമായതിൽനിന്ന് സജീവമായതിനെ ഉൽപാദിപ്പിക്കുന്നു. സജീവമായതിൽനിന്ന് നിർജീവമായതിനെയും. ഭൂമിയെ അതു നിർജലമായി മരിച്ച ശേഷം അവൻ മഴ വർഷിപ്പിച്ച് സസ്യലതാതികളാൽ സജീവമാക്കുന്നു. ഇവ്വിധം മരണാനന്തരം നിങ്ങളും പുനരുൽപാദിപ്പിക്കപ്പെടുന്നതാകുന്നു). 50-11 ൽ പ്രസ്താവിച്ചു: وَأَحْيَيْنَا بِهِۦ بَلْدَةً مَّيْتًا كَذَٰلِكَ ٱلْخُرُوجُ (മരിച്ചു കിടന്ന നാടിനെ മഴയാൽ നാം ജീവിപ്പിക്കുന്നു. ഇതുപോലെയാകുന്നു മനുഷ്യരുടെ ഉയിർത്തെഴുന്നേൽപും). മനുഷ്യനടക്കമുള്ള ജന്തുക്കൾ ജീവിച്ചിരിക്കുമ്പോൾ തന്നെ ശരീരം മരിച്ചുകൊണ്ടും പുനഃസൃഷ്ടിക്കപ്പെട്ടുകൊണ്ടുമിരിക്കുന്നു എന്നതാണ് വാസ്തവം. ശൈശവത്തിലെ ശരീരമല്ല ബാല്യത്തിൽ. ബാല്യ ശരീരമല്ല യൗവന ശരീരം. യൗവന ശരീരമല്ല വാർധക്യ ശരീരം. ഒരു ജീവിയുടെയോ സസ്യത്തിന്റെയോ കോശത്തിൽനിന്ന് തത്തുല്യമായ ജീവിയെയും (മനുഷ്യനുൾപ്പെടെ) സസ്യത്തെയും സൃഷ്ടിക്കാൻ കഴിയുമെന്ന് ആധുനിക ജനിതക ശാസ്ത്രം കണ്ടെത്തിയിരിക്കുന്നു. ഒരു ജീവിയുടെ ജീൻ സൂക്ഷിച്ചുവെച്ചാൽ, ആ ജീവി നശിച്ച് എത്രയോ വർഷങ്ങൾ കഴിഞ്ഞ ശേഷവും തത്തുല്യമായ ജീവിയെ ജനിപ്പിക്കാമെന്ന് ശാസ്ത്രജ്ഞന്മാർ അവകാശപ്പെടുന്നു. ഇതൊക്കെ സമ്മതിക്കുന്ന മനുഷ്യർ തങ്ങളെ ആദ്യം സൃഷ്ടിച്ച ശക്തിക്ക് തങ്ങൾ മരിച്ച ശേഷം പുനഃസൃഷ്ടിക്കാനും കഴിയുമെന്ന കാര്യം പുഛത്തോടെ തള്ളിക്കളയുന്നത് സത്യത്തോടുള്ള ധിക്കാരമല്ലാതെ മറ്റെന്താണ്? മനുഷ്യന് പുനഃസൃഷ്ടി നടത്താൻ സൃഷ്ടിക്കപ്പെടുന്നതിന്റെ ബീജമോ ജീനോ വേണം. ഈ ബീജവും ജീനുമെല്ലാം സൃഷ്ടിച്ചവനാണ് അല്ലാഹു. മനുഷ്യരെ പുനഃസൃഷ്ടിക്കാൻ അവന്ന് كن (ഉണ്ടാവുക) എന്ന ഒരു ഉത്തരവു മാത്രമേ വേണ്ടൂ.

وَجَعَلَ لَهُمْ أَجَلًا لَّا رَيْبَ فِيهِ എന്ന വാക്യം ഉയിർത്തെഴുന്നേൽപിനെ കുറിച്ചു പറയുമ്പോൾ ഉയർന്നുവരുന്ന ചോദ്യത്തിനുള്ള മറുപടിയാണ്. മരിച്ചുപോയവരാരും പിന്നെ ജീവിച്ചെഴുന്നേറ്റു വരുന്നതായി കാണുന്നില്ലല്ലോ, ഉയിർത്തെഴുന്നേൽപ് ഉണ്ടെങ്കിൽ എന്നാണതു സംഭവിക്കുക? ജിജ്ഞാസുക്കളായ വിശ്വാസികളിൽ നിന്നും ഉയരാവുന്നതാണ് ഈ ചോദ്യം. അവിശ്വാസികൾ ഈ ചോദ്യമുന്നയിക്കുന്നത് നേരത്തെ 50-51 സൂക്തങ്ങളിലും തൊട്ടുമുമ്പുള്ള സൂക്തത്തിലും വ്യക്തമാക്കിയതുപോലെ നിഷേധാർഥത്തിൽ പരിഹാസപൂർവമാണ്. രണ്ടു കൂട്ടർക്കുമുള്ള മറുപടിയുൾക്കൊള്ളുന്നതാണ് പ്രകൃത വാക്യം. ഭൂമിയിൽ പല കാലങ്ങളിലും സ്ഥലങ്ങളിലുമായി സൃഷ്ടികൾ ജനിക്കുകയും മരിക്കുകയും ചെയ്യുന്നതുപോലെ അപ്പപ്പോഴായി സംഭവിക്കുന്ന സംഗതിയല്ല ഉയിർത്തെഴുന്നേൽപ്. എല്ലാ മനുഷ്യരും ഒന്നിച്ചാണ് ഉയിർത്തെഴുന്നേൽപിക്കപ്പെടുക. അതു നടക്കാൻ അല്ലാഹു ഒരു സമയം നിശ്ചയിച്ചുവെച്ചിരിക്കുന്നു. നിശ്ചിത സമയമായാൽ അത് സംഭവിക്കുക തന്നെ ചെയ്യും; ഒട്ടും സംശയം വേണ്ട. യാഥാർഥ്യം ഈവിധം വ്യക്തമാക്കിക്കൊടുത്തിട്ടും ഉയിർത്തെഴുന്നേൽപിനുവേണ്ടി സ്വയം സജ്ജരാകുന്നതിനുപകരം ഈ ധിക്കാരികൾ തങ്ങളുടെ സത്യനിഷേധത്തിൽ തന്നെ ഉറച്ചുനിൽക്കുകയാകുന്നു. ഇതാണ് സൂക്താന്ത്യത്തിലെ فَأَبَىٰ ٱلظَّٰلِمُونَ إِلَّا كُفُورًا എന്ന വാക്യത്തിന്റെ താൽപര്യം.

**100.** ഇവിടെ നിങ്ങൾ എന്ന് സംബോധന ചെയ്യുന്നത് ഖുറൈശി പ്രമാണികളെയാണ്. ഖുർആനെയും പ്രവാചകനെയും നിഷേധിക്കാൻ അവരെ പ്രേരിപ്പിച്ചിരുന്ന ഘടകങ്ങളിലൊന്ന് അവരുടെ അഹന്തയാണെന്ന് നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. എല്ലാ ജീവിതൈശ്വര്യങ്ങളുമുള്ള തങ്ങൾ അത്യുന്നതരും ബഹുകേമന്മാരുമാണ്. ദൈവം ആരെയെങ്കിലും പ്രവാചകത്വ പദവി കൊണ്ടനുഗ്രഹിക്കുകയാണെങ്കിൽ ഞങ്ങളിൽ നിന്നൊരാളെത്തന്നെയാണ് തെരഞ്ഞെടുക്കുക. മഹത്തായ ഇത്തരം പദവികൾക്ക് ഞങ്ങൾ പ്രമാണിമാരെയെല്ലാം തഴഞ്ഞ് ദൈവമെന്തിന് പാവപ്പെട്ട മുഹമ്മദിനെ തെരഞ്ഞെടുക്കണം? ഖുറൈശികളുടെ ഈ അഹംഭാവത്തെ സൂചിപ്പിച്ചുകൊണ്ട് അല്ലാഹു പ്രവാചകനോട് നിർദേശിക്കുകയാണ്: ഈ തൻപ്രമാണിത്തക്കാർക്ക് വിശദീകരിച്ചുകൊടുക്കുക, ആരെല്ലാം എന്തെല്ലാം അർഹിക്കുന്നു. ആരെയൊക്കെ എങ്ങനെയൊക്കെ അനുഗ്രഹിക്കണം എന്നു തീരുമാനിക്കുന്നതും തെരഞ്ഞെടുക്കുന്നതും അല്ലാഹുവാണ്. ഈ അധികാരവും അനുഗ്രഹ ഖജനാവുകളും നിങ്ങളുടെ കൈവശത്തിലെങ്ങാനും ആയിരുന്നുവെങ്കിൽ തീർന്നുപോകുമെന്ന ഭയത്താൽ ആർക്കും ഒന്നും കൊടുക്കാതെ നിങ്ങളത് കുത്തകയാക്കി വെക്കുമായിരുന്നു. ലോഭം മനുഷ്യന്റെ പ്രകൃതിയിൽപെട്ടതാണല്ലോ. وَكَانَ ٱلْإِنسَٰنُ قَتُورًا എന്നാണ് മൂല വാക്യം: قتر ൽ നിന്നുള്ള കർതൃവചനമാണ് قتور. കൈവിടാൻ കൂട്ടാക്കാതെ ഇറുക്കിപ്പിടിക്കുകയാണ് قتر. അറുപിശുക്കനാണ് قتور. ലോഭം മനുഷ്യരുടെ പൊതുസ്വഭാവമാണെന്ന് ഖുറൈശി പ്രമാണിമാരെ ചൂണ്ടിക്കൊണ്ട് പറയുമ്പോൾ അർഥമിതാണ്. എല്ലാ അനുഗ്രഹങ്ങളും അല്ലാഹുവിന്റെ മാത്രം കൈവശത്തിലും അധികാരത്തിലുമാകുന്നു. നിങ്ങൾക്കു ലഭിച്ചിട്ടുള്ള തുഛമായ വിഭവങ്ങൾ അവൻ നൽകിയതാണ്. നിങ്ങളും ഇസ്രയീല്യരുമൊക്കെ ഉണ്ടായിരിക്കെത്തന്നെ പ്രവാചകത്വ പദവിക്ക് എന്നെ തെരഞ്ഞെടുത്തതും അവൻ തന്നെ. നിങ്ങളുടെ മനസ്സ് വളരെ സങ്കുചിതമാണ്. നിങ്ങളല്ലാത്ത ആർക്കും അതിൽ സ്ഥാനമില്ല. നിങ്ങളെപ്പോലെ തന്നെയാണ് അല്ലാഹുവും എന്നാണ് നിങ്ങളുടെ വിചാരം.

മനുഷ്യന്റെ ലോഭ പ്രകൃതിയെക്കുറിച്ച് ഖുർആൻ 4:53 ൽ പറയുന്നു: أَمْ لَهُمْ نَصِيبٌ مِّنَ ٱلْمُلْكِ فَإِذًا لَّا يُؤْتُونَ ٱلنَّاسَ نَقِيرًا (അതല്ല, അധികാരത്തിൽ അവർക്ക് പങ്കുണ്ടെന്നോ? എങ്കിലവർ അതിൽ ഒരു തരിമ്പും മറ്റു മനുഷ്യർക്ക് നൽകുമായിരുന്നില്ല).

۞ إِنَّ ٱلْإِنسَٰنَ خُلِقَ هَلُوعًا ﴿١٩﴾ إِذَا مَسَّهُ ٱلشَّرُّ جَزُوعًا ﴿٢٠﴾ وَإِذَا مَسَّهُ ٱلْخَيْرُ مَنُوعًا ﴿٢١﴾

(മനുഷ്യൻ ചപലനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ആപത്തണയുമ്പോൾ അവൻ വെപ്രാളം കൊള്ളുന്നു. സൗഭാഗ്യമുണ്ടാകുമ്പോഴോ, ആർക്കും ഒന്നും കൊടുക്കാത്ത ലുബ്ധനാകുന്നു-70:19-21). ■